ഒരു സോപ്പുകുമിള പൊട്ടി

കോന്നിയൂർ നരേന്ദ്രനാഥ്



രംഗം ഒന്ന്

(ഇടത്തരക്കാരുടെ വിഭാഗത്തിൽപ്പെട്ടതാവുന്ന ഒരു കുടുംബം താമസിക്കുന്ന വീടാണ്. അത്തരം വീട്ടിലെ ഒരു സാധാരണ സ്വീകരണമുറി. കർട്ടൻ ഉയരുമ്പോൾ സുമതി ഒരു കടലാസു നിവർത്തി വായിച്ചുകൊണ്ടിരിക്കുകയാണ്. അവൾക്ക് ഏതാണ്ട് മുപ്പതു മുപ്പത്തിരണ്ടു വയസ്സോളം പ്രായം തോന്നും. തലമുടിയിൽ ഒന്നുരണ്ട് വെള്ളിരേഖകൾവീണിരിക്കുന്നത് വ്യക്തമായി കാണാനുണ്ട്. നിരാശയുടെ നിഴൽ വീശിയ മട്ടാണു പൊതുവെ. നല്ല പുഷ്ടിയുള്ള ശരീരം. എങ്കിലും പൊതുവെ ഒരുലച്ചിൽ തട്ടിയിട്ടുള്ളതിൻ്റെ ലക്ഷണങ്ങളൊക്കെയുണ്ട്. സാധാരണയായി വീട്ടിൽ കഴിഞ്ഞുകൂടുമ്പോഴുള്ള വേഷമേയുള്ളു. തലമുടി അലക്ഷ്യമായി ഒതുക്കിവച്ചിരിക്കുന്നു.)

സുമതി—(പതുക്കെ വായിക്കുന്നു.) "തീർച്ചയായും വരണം! വന്നില്ലെങ്കിൽ..........പഴയ ലളിതയെ അറിയാമല്ലോ! അരമണിക്കൂറുകൊണ്ട് ഇവിടെവന്നിറങ്ങാം. ഞങ്ങൾ കാത്തിരിക്കും." (മുഖം എഴുത്തിൽനിന്നുയർത്തി) പഴയ ലളിത! (ദീർഘമായി നിശ്വസിക്കുന്നു.) എനിക്കു നല്ലതുപോലെ അറിയാം. എന്നെപ്പോലെ നിന്നെ അറിയാവുന്നവർ മറ്റാരുമില്ല.

രാമകൃഷ്ണപിള്ള—(സുമതിയുടെ പിതാവാണ്. പ്രായം നല്ലതുപോലെ തോന്നിക്കും. മുടിയെല്ലാം നരച്ചതാണ്. തടിച്ച കൊമ്പൻമീശയുണ്ട്. അതും മുക്കാലും നരച്ചതുതന്നെ. അരക്കയ്യൻ ബനിയനും മുണ്ടും മാത്രമാണു വേഷം. എന്തോ തിരക്കിക്കൊണ്ടുവരുന്നതുപോലെ ഒരു വശത്തുള്ള വാതിലിൽക്കൂടിയാണ് അവിടേയ്ക്കു വരുന്നത്.)

സുമതി—(അല്പം ഞെട്ടി.) അതാ! തട്ടവും പാക്കുവെട്ടിയുമെല്ലാം ആ സ്റ്റൂളിൽ ഇരിക്കുന്നച്ഛാ!) എഴുന്നേൽക്കാൻ ആയുന്നു.)

രാമ—നീ അവിടിരുന്നു വായിച്ചോ മോളെ! ഞാനെടുത്തോളാം. (സ്റ്റൂളിരിക്കുന്നിടത്തേക്കു നടക്കുന്നു.) അവിടെ യെത്തി പാക്കുവെട്ടിയെടുത്ത് പാക്ക് നുറുക്കിക്കൊണ്ട്) ആരുടെ എഴുത്താ മോളെ? ശങ്കരൻകുട്ടിയുടെയാണോ?

സുമതി—അല്ലച്ഛാ! (തുടർന്ന് എഴുത്തിൽ നോക്കി വായിക്കുന്നമാതിരി ഇരിക്കുന്നു.)

രാമ—പിന്നെയാരുടെയാ?.....അല്ല! അവൻ്റെ എഴുത്തും വന്നിട്ട് രണ്ടാഴ്ചയോളമായല്ലോ!

സുമതി—ചേട്ടൻ ട്രെയിനിംഗിൻ്റെ ബഹളത്തിലായിരിക്കും. എഴുതാൻ സമയം കിട്ടിക്കാണത്തില്ല!

രാമ—(കഷണിച്ച പാക്കു വായിലിട്ടുകൊണ്ട്) ഉം! നേരായിരിക്കും. വീടു വിട്ടാൽ പിന്നെ വീട്ടിലുള്ളവരെക്കുറിച്ച് വിചാരിക്കാനാണല്ലോ സമയം കിട്ടാത്തെ....ഊം.... ഇതാരുടെയെഴുത്താമോളേ?.......

സുമതി—(കുറച്ചു മടിച്ച്.)ലളിതയുടെ എഴുത്താണച്ഛാ?

രാമ—ഓഹോ! (പുഞ്ചിരിച്ച്.) അവക്ക് എഴുത്തെഴുതുന്നതുമാത്രമേയുള്ളല്ലോ ഒരു ജോലി.

സുമതി—അതെന്താ അച്ഛാ അങ്ങിനെപറേന്നെ?

രാമ—അല്ല! ഒരാഴ്ചയിൽ കുറഞ്ഞത് രണ്ടെഴുത്തെങ്കിലും നിനക്ക് അവളെഴുതാറില്ലേ? ഇതുപോലെയായിരിക്കണമല്ലോ അവള് ഓരോരുത്തക്കും അയയ്ക്കുന്നത്!

സുമതി—എനിക്കെഴുതുന്നതുപോലെ മറ്റാക്കും അവളെഴുതുകയില്ലച്ഛാ!

രാമ—ഭാഗ്യമുള്ളവക്ക് എന്താ ചെയ്യാൻ വയ്യാത്തെ? നല്ല കുടുംബം. നല്ല ധനസ്ഥിതി. നല്ല സ്വഭാവം. നല്ല ഭത്താവ്. സുഖമായ ജീവിതം. അതൊക്കെ ഒന്നിച്ചു കിട്ടണമെങ്കിൽ ഭാഗ്യം—വല്ലാത്ത ഭാഗ്യംതന്നെ വേണം. പിന്നെ അവക്ക് എഴുതരുതോ!.......

സുമതി—വരുന്ന പതിമ്മൂന്നാംതീയതിയാണു് അവരുടെ വിവാഹത്തിന്റെ ഏഴാംവാർഷികം. അന്നു് ഞാൻ തീർച്ചയായും അവിടെ ചെല്ലണമെന്നാണു് എഴുതിയിരിക്കുന്നതു്.

രാമ—ഏഴാംവാർഷികമോ? ഏഴുകൊല്ലമായോ! കാലം പോകുന്നതു് ആരറിയുന്നു! അല്ല! ഇന്നലെ നടന്നതുപോലേ എനിക്കു തോന്നുന്നുള്ളു. എന്നാലും ഈ വിവാഹവാർഷികമൊക്കെ ആഘോഷിക്കുന്ന ഏർപ്പാടു് എനിക്കു് പരിചയമില്ല. (ചിരിച്ചിട്ടു്.) അതും കൊള്ളാവുന്ന കാര്യംതന്നെ. വാർഷികങ്ങളുടെ കാലമാണല്ലോ. അവർക്കൊക്കെയെന്താ അതൊക്കെ ആഘോഷിക്കരുതോ! നല്ലവക്കു നന്മയേ വരു മോളെ! സൽസ്വഭാവം കുടുംബജീവിതത്തിനു് ഐശ്വര്യമേ വരുത്തു! ലളിതയുടെ കാര്യംതന്നെ മതിയല്ലോ അതിനുദാഹരണമായിട്ടു്.

സുമതി—(ദീർഘനിശ്വാസം) നന്മകൊണ്ടു വിജയമോ തിന്മകൊണ്ടു തോൽവിയോ സംഭവിക്കണമെന്നു നിർബന്ധമില്ലച്ഛാ!

രാമ—നല്ലതു മാത്രമേ അവസാനത്തിൽ ശേഷിക്കയുള്ളു. അതാണു് എന്റെ വിശ്വാസം. ഇല്ലെങ്കിൽ ഈ ലോകത്തിൽ നീതിക്കും സത്യത്തിനും സ്ഥാനമില്ലാതാകും.

സുമതി—ലോകത്തിൽ ഇന്നു നടക്കുന്നതെല്ലാം ഇതിനു് കടകവിരുദ്ധമായ കാര്യങ്ങളാണു്.

രാമ—(വീറോടെ) അല്ല മോളെ! അങ്ങിനെയാണെങ്കിൽ......... ആണെങ്കിൽ ....മനുഷ്യജീവിതത്തിനൊരർത്ഥവും ഇല്ലെന്നുവരും.

സുമതി—ഈ ജീവിതത്തിനു് ബാഹ്യമായിട്ടുള്ളതിൽ കവിഞ്ഞു് ഒരർത്ഥമുണ്ടെന്നു കരുതുന്നതാണു് ഒന്നാമത്തെ തെറ്റു്.

രാമ—(സുമതിയുടെ വാദത്തിൽ കണ്ട ആത്മാർത്ഥതയെക്കുറിച്ചു് ചിന്തിച്ചുകൊണ്ടു്, അത്ഭുതത്തോടെ) അൻപത്തേഴു കൊല്ലം ഇവിടെ ഈ ലോകത്തിൽ ജീവിച്ചു് പലതും കണ്ട എനിക്കു് നീ പറയുന്നതു് തീരെ തെറ്റാണെന്നു് ഉറപ്പിച്ചു പറയാനുള്ള ഉൾക്കരുത്തുണ്ടു്.

സുമതി—(ദൃഢത വിടാതെ) മുപ്പത്തിമൂന്നു കൊല്ലത്തെ ഇവിടുള്ള ജീവിതം എന്നെ ആ അഭിപ്രായവുമായി വിയോജിക്കുന്നതിനാണച്ഛാ പഠിപ്പിച്ചതു്.

രാമ—(ഞെട്ടി സുമതിയെ തുറിച്ചുനോക്കുന്നു. ആ നോട്ടത്തിൽ ശോകച്ഛായ കലർന്നിട്ടുണ്ടു്.) ഞാൻ എന്റെ ജീവിതത്തിൽ സ്വീകരിച്ചിട്ടുള്ള എല്ലാ നല്ല നടപടികളുടെയും പിന്നിൽ എനിക്കു് ആ വിശ്വാസത്തിന്റെ താങ്ങുണ്ടായിട്ടുണ്ടു്. (വെളിയിലേയ്ക്കു് നിരർത്ഥകമായി നോക്കിനിൽക്കുന്നു.)

സുമതി—ഉണ്ടായിരിക്കാം.................എന്നാൽ അച്ഛന്റെ ജീവിതമല്ലല്ലോ എന്റെ ജീവിതം.

രാമ—(സുമതിയെ തിരിഞ്ഞുനോക്കുന്നു.)

സുമതി—അച്ഛന്റെ ജീവിതം ഒന്നു പരിശോധിച്ചുനോക്കുക. അതൊരു വേദന കാണാത്ത, മുൾപ്പടർപ്പുകളില്ലാത്ത, ഒരു മലർവാടിയാണോ? അതോ ശോകം നിറഞ്ഞ, പ്രതീക്ഷകളുടെ അസ്ഥിക്കഷണങ്ങൾ ചിതറിക്കിടക്കുന്ന ഒരു ശ്മശാനമാണോ? ആരോടും അതിന്റെ മറുപടി പറയേണ്ടാ. സ്വന്തം മനസ്സാക്ഷിയോടു് മന്ത്രിച്ചാൽ മതി! ഇങ്ങനെ ഒരു ആത്മപരിശോധന........

രാമ—(വല്ലാതെ ഞെട്ടിയിട്ടു്) ആത്മപരിശോധന............?

സുമതി—(ഇടയ്ക്കു കയറി) വേണ്ടിവന്നേക്കും; അവനവന്റെ വിശ്വാസങ്ങളെ വിലയിരുത്തുന്ന വേളകളിൽ............

രാമ—(ചിന്താധീനനാകുന്നു.)

സുമതി—അങ്ങിനെ വിലയിരുത്താതെ വിശ്വാസങ്ങളെ മുറുകെപ്പിടിക്കുന്നതിലർത്ഥമില്ല.

രാമ—(ഏതാണ്ടു് ഉറക്കെ ചിന്തിക്കുന്ന മാതിരി) കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലങ്ങളോളമായി ദുരന്തങ്ങളല്ലാതെ ....മറ്റൊന്നും ഞാനനുഭവിച്ചിട്ടില്ല ....ഞാനാർക്കും ഒരു വേദനയും വരുത്തിയിട്ടില്ല.................എങ്കിലും എന്റെ ജീവിതത്തിൽ കൂടുതൽ പങ്കും കരയാനേ എനിക്കു സാധിച്ചിട്ടുള്ളു...........

സുമതി—(നിർദ്ദയമായ വിനോദത്തോടെ) അങ്ങിനെ..........ചിന്തിച്ചുനോക്കണം............

രാമ—ചിന്തിക്കാൻ പലതുമുണ്ടു്........ വേണ്ടാ; എനിക്കു് ലാഭനഷ്ടക്കണക്കെട്ട

ക്കുവാൻ വയ്യാ!............ (അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

സുമതി—വേദനയുടെ ഘോഷയാത്ര.... വിജയം വരിച്ചതു് രാജപാതയിൽ കൂടിയാണോ അച്ഛാ? ആണെങ്കിൽ അതെന്തൊരു വൈരുദ്ധ്യമാണു്?............. ഇല്ല. അങ്ങിനെയായിരിക്കയില്ല. നമ്മുടെ ചിന്തയ്ക്കു്, വിശ്വാസങ്ങൾക്കു് എന്തോ തകരാറുണ്ടു്.

രാമ—(ആത്മഗതം മാതിരി) നിന്റെ ചേച്ചിയാണു് എന്റെ ജീവിതത്തിൽ വേദനയുടെ വെള്ളപ്പൊക്കമുണ്ടാക്കിയതു്. (മുഖത്തു് ശോകഭാവം. വല്ലാതെ തടിച്ചുകൂട്ടുന്നു.) അവളെ ഞാൻ വളർത്തിയതു്......എനിക്കു് അതൊക്കെ സഹിക്കുന്നതിനു് ഇടയുണ്ടാക്കുവാനാണോ?....

സുമതി—ചേച്ചിയെ വളർത്തിയവർ തന്നെയാണല്ലോ എന്നെയും വളർത്തിയതു്.

രാമ—ഒരേ മണ്ണിൽതന്നെ വിഷവൃക്ഷവും കല്പവൃക്ഷവും ഒന്നിച്ചു വളരുന്നു. രണ്ടിനും കിട്ടുന്ന വെള്ളവും വളവും ഒന്നുതന്നെ..........

സുമതി—പക്ഷേ വിഷവൃക്ഷമായിരിക്കും തഴച്ചുവളരുന്നതു്.

രാമ—(ശക്തിയോടെ അട്ടഹാസം മാതിരി) അല്ല.......വിഷവൃക്ഷത്തെ ഞാൻ പിഴുതെറിഞ്ഞു.......

സുമതി—(ശാന്തതയോടെ) പക്ഷേ അതിന്റെ വേരിന്റെ കൂട്ടത്തിൽ പിഴുതയാളിന്റെ ഹൃദയത്തിന്റെ ചില ഭാഗങ്ങളും പറിഞ്ഞുപോയി....... ശാന്തച്ചേച്ചി!..........ശാന്തച്ചേച്ചിക്കു്.........

രാമ—(കണ്ണുനിറയുന്നു.) ശാന്ത അങ്ങിനെയൊരു ആപത്തു് വരുത്തിവയ്ക്കുമെന്നു് ആരറിഞ്ഞുമോളേ? അവളുടെ ദുർന്നടത്തം നിർത്താൻ നാമെല്ലാം എന്തു ശ്രമിച്ചുനോക്കി. ആദ്യമാദ്യം ഞാൻ അവളെ എത്രമാത്രം ഉപദേശിച്ചു. പിന്നീടെന്തു ശാസിച്ചു? അതുകൊണ്ടൊക്കെ എന്തു ഫലമുണ്ടായി? അവളുണ്ടാക്കിയ ദുഷ്പേരുസഹിക്കാനാവാഞ്ഞല്ലേ ശങ്കരൻകുട്ടി നാടുവിട്ടതു്? അവളുടെ അനിയനെ അത്രയധികം പിടിച്ചുകുലുക്കിയ സംഭവങ്ങളുണ്ടായിട്ടും ഞാൻ അവളെ ഗുണദോഷിച്ചു് നന്നാക്കാമെന്നല്ലേ വിശ്വസിച്ചു ശ്രമിച്ചതു്? അതൊന്നും ഫലിച്ചില്ല. അവസാനം അവളെ ഞാൻ തന്നെ അടിച്ചു പുറത്താക്കി. (സഗൽഗദം) ഒരച്ഛനു് സ്വന്തം മകളെ ദുർന്നടത്തം സഹിക്കാനാവാതെ അടിച്ചു പുറത്താക്കാനിടവരുക! (കരയുന്നു.) ഹൊ! മകളുടെ മരണംപോലും ഇത്ര കടുത്ത വേദനവരുത്തുകയില്ല. (കണ്ണു തുടയ്ക്കുന്നു.) അതും ഞാൻ ചെയ്തിട്ടുണ്ടു്, ഈ ഞാൻ; ഒരെറുമ്പിനെപ്പോലും ഈ ജീവിതത്തിൽ വേദനിപ്പിച്ചിട്ടില്ലാത്ത ഞാൻ....

സുമതി—(വെളിയിലേക്കു് നോക്കിക്കൊണ്ടു്) അതൊക്കെ കണ്ടുകൊണ്ടു നില്ക്കാനുള്ള വിധി എനിക്കായിരുന്നു. (അല്പം കഴിഞ്ഞു്) നാടുവിട്ട ചേട്ടൻ ഭാഗ്യവാനാണു്.....

രാമ—(വളരെ വിമ്മിഷ്ടപ്പെട്ടു്.) എന്റെ സ്വന്തം മകളെ, എന്റെ ജീവനെക്കാളധികം സ്നേഹിച്ചിരുന്ന എന്റെ കുഞ്ഞിനെ, ഞാൻതന്നെ അടിച്ചു പുറത്തിറക്കിവിട്ടതും, അന്നു് അനുഭവിക്കേണ്ട വേദനകളൊക്കെ ഞാൻ തകരാതെ സഹിച്ചതും എല്ലാം....എനിക്കു് നന്മയിലുള്ള വിശ്വാസംകൊണ്ടാണു മോളെ! (കണ്ണു തുടയ്ക്കുന്നു.)

സുമതി—(അതുവരെ അടക്കിനിർത്തിയ കണ്ണുനീർ പെട്ടെന്നു് പുറത്തേയ്ക്കു് ഒഴുകുന്നു.) എനിക്കറിയാമച്ഛാ!....

രാമ—തെററുകാരുമായി സഹകരിക്കുന്നതു് തെററിനെ പ്രോത്സാഹിപ്പിക്കുന്നതിനു തുല്യമാണുമോളെ! (കണ്ണു തോരുന്നു.) എന്റെ മക്കളുതന്നെയായിരുന്നാലും അവരോടു് എനിക്കു് സഹകരണമില്ല. അതിനു ഞാൻ തയ്യാറല്ല.

സുമതി—ഇതൊക്കെ അനുഭവിക്കാൻ.... അതിലൊന്നിലും പങ്കില്ലാത്തവർക്കും ഇടവരുന്നല്ലോ. ഇതെന്തുകാരണത്താലാണു്?....

രാമ—അതു ലോകസ്വഭാവമാണു്. ജീവിതം കെട്ടിപ്പിണഞ്ഞുകിടക്കുന്ന ഒന്നാണു്. കരുക്കഴിച്ചുകൊണ്ടിരിക്കുമ്പോൾ കരുക്കിൽ കൊരുത്തുപോയ ഹൃദയങ്ങളുടെ അംശങ്ങൾ പറിഞ്ഞുപോകാതെ തരമില്ല. എത്ര ചീത്തയായിരുന്നാലും ശാന്ത എന്റെ മകളും നിന്റെ ചേച്ചിയും തന്നെ....

സുമതി—എന്തുകാരണത്താലായാലും കെട്ടുപാടുകൾ പൊട്ടുമ്പോൾ ചിലരൊക്കെ കരയാതെ കഴിയുകയില്ല.

(വേലക്കാരൻ രംഗത്തേക്കു് തല കാണിക്കുന്നു.)

സുമതി—എന്താടാ?

വേലക്കാരൻ—വെള്ളം ചൂടായങ്ങുന്നെ....

രാമ—വരുന്നു. തീ പിരിച്ചിട്ടേരു്....

(വേലക്കാരൻ പോകുന്നു)

സുമതി—തെററിനു മൂടുപടമിട്ടാൽ.... മററുള്ളവരുടെ അറിവിൽ അതുപെടാതിരുന്നാൽ....തെററുകാർക്കു് വേദനിക്കാതെ വിജയപൂർവ്വം കഴിയാനൊക്കുമച്ഛാ!

രാമ—ശരിയാണു്. കുറേനാളത്തേക്കു് കള്ളന്മാർ ഉല്ലാസമായി സുഖിച്ചു ജീവിക്കാറുണ്ടു്.

സുമതി—കുറച്ചുനാളല്ല; ജീവിതം മുഴുവനും സുഖിക്കുന്ന കള്ളന്മാരെത്രയാണു്?

രാമ—അവരുടെ ജീവിതം വെറുമൊരു സോപ്പുകുമിളയാണുകുഞ്ഞേ! ഒരു തലനാരിന്റെ മുനയേററാൽ അതു പൊട്ടിത്തകരും. ഒരു തെളിവുപോലും അവശേഷിപ്പിക്കാതെ മാഞ്ഞുമറയും!....

സുമതി—അച്ഛൻ പറഞ്ഞില്ലെ....ലളിതയെക്കുറിച്ചു്....

രാമ—അതെ. അവൾക്കെന്താ കുറവു്....?

സുമതി—(ലഘുവായി നിർദ്ദയമായ ചിരി) അവളുടെ ജീവിതം ഒരു മഹാവിജയമല്ലേ?

രാമ—തീർച്ചയായും!

സുമതി—അവളേപ്പോലെ ഒരു....തെററുകാരി....

രാമ—തെററുകാരിയോ?....

സുമതി—അതെയച്ഛാ! എന്നാൽ അക്കാര്യങ്ങളൊന്നും ആരും—അച്ഛനും....അവളുടെ ഭർത്താവും—ആരും അറിഞ്ഞിട്ടില്ല.

രാമ—(കോപിച്ചു്.) കള്ളം പറയരുതു്....

സുമതി:— കള്ളമല്ലച്ഛാ! നേരാണു്.

രാമ—നീ പോലും അവളെ പുകഴ്ത്തി പറയുന്നതല്ലാതെ ഇന്നുവരെ ഞാൻ കേട്ടിട്ടില്ല.

സുമതി—ലളിതയുടെ ഏററവും അടുത്ത സ്നേഹിതയാണു ഞാൻ. അവളുടെ രഹസ്യങ്ങൾ ഞാൻ അറിഞ്ഞിട്ടുള്ളമാതിരി മററാരും അറിഞ്ഞിട്ടില്ല. അവളുടെ വീട്ടുകാരുപോലും അവയറിഞ്ഞിട്ടില്ല.

രാമ—(ഹാസ്യരൂപത്തിൽ)അവൾക്കെന്തു രഹസ്യങ്ങൾ?....

സുമതി—(വെറുപ്പോടെ) എൻെറ ചേച്ചിയെപ്പോലെ....

രാമ—(അത്ഭുതപ്പെട്ടു്) ശാന്തയെപ്പോലെയോ?....

സുമതി—അതിലും ഹീനമായ ജീവിതം നയിച്ചിട്ടുള്ളവളാണു ലളിത!....

രാമ—നീ പച്ചക്കള്ളം എഴുന്നള്ളിക്കുകയാണു്....അവളോടു് നിനക്കിപ്പോൾ അസൂയയാണു്. ആഴമേറിയ അസൂയ.

സുമതി—(ചിരിച്ചുകൊണ്ടു്) അവളോടു്....എനിക്കു് അസൂയ! (പൊട്ടിച്ചിരിക്കുന്നു.)

രാമ—(അത്ഭുതപ്പെട്ടു് അവളെ നോക്കുന്നു.) അതെ!....

സുമതി—ലോകരുടെ ദൃഷ്ടിയിൽ അവൾ അങ്ങേയററം സദ്‌വൃത്തയാണു്. പതിവ്രതയാണു്....സാവിത്രി!........(കൈകൊട്ടിച്ചിരിക്കുന്നു.)

രാമ—(വെറുപ്പോടെ) നിറുത്തു്....

സുമതി—(ശാന്തയായി.) ഞാനിന്നുവരെ ഈ രഹസ്യങ്ങൾ പുറത്തു പറഞ്ഞിട്ടില്ല....ഞാൻ ആരേയും വഞ്ചിച്ചിട്ടില്ല. ഞാൻ ഇവിടെയിരുന്നു നരച്ചു നരകിക്കുമ്പോൾ....അവൾ സുഖിച്ചു മേളിക്കുന്നു.

രാമ—(ഒന്നും മനസ്സിലാകാത്തമട്ടിൽ അമ്പരന്നു്) നീ നല്ല ജീവിതം നയിച്ചതുകൊണ്ടാണോ ഇങ്ങനെ അവിവാഹിതയായി കഴിയാനിടവന്നതു്?....കഷ്ടം! മഹാപാപം പറയരുതു മോളെ!....

സുമതി—പാപികൾ സുഭിക്ഷരായികഴിയുമ്പോൾ....(മുഖം വല്ലാതെ വികൃതമാകുന്നു.)

രാമ—നിനക്കെന്താമോളെ?....

സുമതി—(ശാന്തയായിട്ടു്.) ലളിതയുടെ ഏഴാം വിവാഹവാർഷികം....! ഏഴുകൊല്ലം ഒന്നിച്ചു കഴിഞ്ഞിട്ടും അവളുടെ രഹസ്യങ്ങൾ ഭർത്താവിൽനിന്നു മറച്ചുവയ്ക്കുവാൻ സാധിച്ചിരിക്കുന്നു! അതൊരു വിജയംതന്നെ. തീർച്ച.

രാമ—നിനക്കു ലളിതയോടിങ്ങനെ തോന്നാനുള്ള ഹേതുവെന്താണു്?

സുമതി—ഏഴുകൊല്ലം മുമ്പുവരെ ഞങ്ങളൊന്നിച്ചു ചങ്ങാതികളായി കഴിഞ്ഞു. അന്നുവരെ ഞങ്ങൾ തുല്യരായിരുന്നു. അവളുടെ വിവാഹത്തോടുകൂടി അവളെന്നെ തോൽപ്പിച്ചു. സച്ചരിതയായ എന്നെ അവൾ ജീവിതത്തിൽ പരാജയപ്പെടുത്തി. ഞാൻ ഇന്നു പിൻതള്ളപ്പെട്ടിരിക്കുകയാണു്. കാപട്യങ്ങളൊന്നുമില്ലെങ്കിലും....ഞാൻ ജീവിതത്തെ സംബന്ധിച്ചിടത്തോളം പരാജിതയാണു്.

രാമ—അവൾ നിന്നെ പിൻതള്ളിയെന്നോ?

സുമതി—(ദൃഢതയോടെ) അതെ! എന്നെ പിൻതള്ളി. ലോകം എന്നെ പിൻതള്ളി........എന്നെക്കാൾ ആവശ്യം ലോകർക്കു് അവളെയാണു് എന്നു തെളിയിച്ചു. ഞങ്ങളെത്തമ്മിൽ താരതമ്യപ്പെടുത്തിയാൽ അവൾക്കതിനർഹതയില്ല. സുഖമായ ഒരു ദാമ്പത്യത്തിനു് അർഹത അവൾക്കോ എനിക്കോ?

രാമ—(വിഷമിച്ചു്.) എനിക്കിതൊന്നും മനസ്സിലാകുന്നില്ല.

സുമതി—എനിക്കെല്ലാം മനസ്സിലാകുന്നുണ്ടു്. അവളുടെ ഓരോ കത്തും—ഓരോ സന്തോഷവാർത്തകൾ കുറിച്ചിട്ടുള്ള ഓരോ എഴുത്തും എനിക്കൊരു വെല്ലുവിളിയാണു്.....(വിമ്മിഷ്ടപ്പെട്ടു്) ഞാൻ നീറുകയാണു്. നല്ലവരെ തിരഞ്ഞെടുക്കുന്ന ലോകത്തിൽ....ഞാൻ നീറിനീറിക്കഴിയുകയാണു്....

രാമ—അവൾ വിവാഹം കഴിച്ചതാണോ തെററു്?

സുമതി—അതെ! എൻെറ ദൃഷ്ടിയിൽ അതൊരു വലിയ തെററാണു്. ഞാനിന്നോളം സൽപ്പേരോടെ ജീവിച്ചിട്ടും, ആരെയും വഞ്ചിക്കാതെ ജീവിതം നയിച്ചിട്ടും....എനിക്കെന്താണൊരുയർച്ച?

രാമ—നിൻെറ അപജയങ്ങൾക്കു കാരണം നിൻെറ ചേച്ചി പരത്തിയ ചീത്തപ്പേരായിക്കൂടെ?....

സുമതി—(ഞെട്ടുന്നു.) ആകാം. (ദൃഢനിശ്ചയത്തോടെ) എന്നാൽ ഞാനതിനു് പകരംവീട്ടും.....

രാമ—ആരോടുമോളെ? ആരോടു പകരം വീട്ടാനാണു്?

സുമതി—ആരോടായാലെന്തു്?

രാമ—കുഞ്ഞേ! നീയിതിനൊന്നിനു മൊരുങ്ങരുത്....തെറ്റാണ്. സുഖമായി കഴിയുന്നവർ കഴിയട്ടെ!....നമുക്കും സുഖം ആരും നിഷേധിച്ചിട്ടില്ല. ആരെക്കൊണ്ടും അതിനു സാധിക്കയില്ല.

സുമതി-(വാദിക്കാനൊരുങ്ങിയ മട്ടിൽ) തെറ്റുചെയ്ത മകളെപ്പോലും അടിച്ചു പുറത്താക്കിയ ഒരച്ഛനു്, തെറ്റുചെയ്ത ഒരു സ്നേഹിതയെ നിലയ്ക്കു നിർത്തുവാനൊരുങ്ങുമ്പോൾ തടസ്സം പറയാനെന്തവകാശം?

ജോലിക്കാ:—(തല രംഗത്തേക്കുകാണിച്ചുകൊണ്ടു്) വെള്ളം തണുത്തുതുടങ്ങിയല്ലോ!....

രാമ—(അയാളെ നോക്കി) വരുന്നു....(മകളോടായി) തനിച്ചിരുന്നു് നല്ലതുപോലെ ചിന്തിക്കൂ! നിന്റെ തലയ്ക്കു ചൂടുപിടിച്ചിരിക്കയാണ്. അതൊന്നു തണുക്കട്ടെ. (പോകുന്നു.) അബദ്ധമൊന്നും കാണിക്കരുത്....

സുമതി—അബദ്ധമൊന്നും കാണിക്കുകയില്ല. സുബദ്ധത്തിനു് തയാറെടുക്കുകയാണ്. (ഉലാത്തിക്കൊണ്ടു്.) തെറ്റുകാർ ശിക്ഷ അനുഭവിക്കണം....(നിന്ദാസ്തുതിപോലെ) ഏഴാമത്തെ വിവാഹവാർഷികത്തിനു് എന്റെ അനുമോദനങ്ങൾ എഴുതിയറിയിക്കാം. (കയ്യിലിരിക്കുന്ന എഴുത്തുനോക്കി) നേരത്തേവന്നിരുന്നു് അടിയന്തിരം മംഗളമായി നടത്തിത്തരണമെന്നു് അപേക്ഷ. (ചിരിക്കുന്നു!) ഞാൻ വരാതെതന്നെ മംഗളമാക്കിത്തരാം....(ഇരുന്നു് എഴുതിത്തുടങ്ങുന്നു.)

(കർട്ടൻ)

രംഗം രണ്ടു്

(ലളിതയുടെ താമസസ്ഥലം. അവിടുത്തെ ഡ്റസ്സിംഗ് മുറിയാണ്. അലമാരയിലുള്ള ആൾക്കണ്ണാടിക്കു മുമ്പിൽ ഗോപിനാഥ് നിന്നുകൊണ്ടു് ടൈ കെട്ടുകയാണ്. ഇടയ്ക്കിടെ ചൂളത്തിൽ ഒരു കൊച്ചു് ഈണം വിളിക്കുന്നുണ്ടു്—അലക്ഷ്യമായി ഒരു ഗാനശകലത്തിന്റെ ചൂളം. സുമുഖനായ ഒരു യുവാവാണ് അയാൾ. പരിഷ്കാരഭ്രമമുള്ള ആളാണെന്നു് ആകെപ്പാടെയുള്ള മട്ടിൽ നിന്നു് അറിയാനുണ്ടു്. മുറിയുടെ ജനാലയ്ക്കു സമീപം ലളിത ഇരിക്കുന്നു. പച്ചപ്പരിഷ്കാരിയാണ്. ഏറ്റവും പുതിയ ഫാഷനിലുള്ള വേഷം. പുറത്തെവിടെയോ പോകാൻ ചമഞ്ഞൊരുങ്ങിയ മട്ടുണ്ടു്. കോട്ടിൽനിന്നു് ഇളകിപ്പോയ ബട്ടൻ തുന്നിയുറപ്പിക്കുന്ന പണിയിലേർപ്പെട്ടിരിക്കുകയാണ്. മുഖം കുറച്ചൊന്നു വാടിയിട്ടുണ്ടു്.)

ഗോപി—(ടൈ ശരിപ്പെടുത്തുന്നതിനിടയിൽ കണ്ണാടിയിൽ നോക്കിക്കൊണ്ടു്) രണ്ടാഴ്ചത്തെ അവധിയെടുത്തു് നിന്റെ നാട്ടിലേയ്ക്കു് ഒന്നു പോകാമായിരുന്നു.

ലളിത—ഓ! അവിടെയെന്തിരിക്കുന്നു?

ഗോപി—ഒന്നുമില്ലേ? നിന്റെ അച്ഛനമ്മമാരെങ്കിലും ഇല്ലേ?

ലളിത—അതു് അവിടുത്തെ നാട്ടിലായാലും ശരിയല്ലേ?

ഗോപി—ഈയിടെയാണല്ലോ നാം അവിടെപ്പോയിട്ടു വന്നതു്?

ലളിത—അതുകൊണ്ടെന്താ?

ഗോപി—(തിരിഞ്ഞുനിന്നു്) നിന്റെ വീട്ടിൽ കഴിഞ്ഞതിന്റെ മുമ്പിലത്തെ ഓണത്തിനു് ഒന്നു പോയതല്ലേ?

ലളിത—ഓ! രണ്ടരക്കൊല്ലമല്ലേയായുള്ളു?

ഗോപി—അന്നുതന്നെ രണ്ടുദിവസം കഷ്ടിച്ചു് അവിടെ താമസിച്ചു. വീട്ടിനു പുറത്തെങ്ങും ഇറങ്ങാൻ നീയൊട്ടു സമ്മതിച്ചതുമില്ല.

ലളിത—അങ്ങയ്ക്കു് ഇടപഴകാൻ തക്ക വണ്ണമുള്ളവരാരിരിക്കുന്നു അവിടെ? അന്തസ്സുവിട്ടു് ഓരോരുത്തരോടു് പെരുമാറുന്നതു്....കുറവല്ലേ? കാണാനുള്ളവർ വീട്ടിൽ വന്നു കാണട്ടേന്നു ഞാനന്നു പറഞ്ഞു. അതിലെന്താ തെറ്റു്?

ഗോപി—തെറ്റൊന്നുമില്ല. ആളുകളെ അധികം ഞാൻ കാണരുതെന്നു് നിനക്കു നിർബന്ധമുണ്ടായിരുന്നതുപോലെ എനിക്കു തോന്നി. (ചിരിക്കുന്നു.) അതിനെന്താ കാരണം?....

ലളിത—(അമ്പരന്നു്) നല്ലകഥതന്നെ! (സ്നേഹാതിരേകം അഭിനയിച്ചുകൊണ്ടു്) അങ്ങു് ആരെക്കണ്ടാൽ എനിക്കെന്താ? നല്ല കഥ!....

ഗോപി—നിന്റെ നാട്ടിൽ പോയി കുറച്ചുനാൾ താമസിക്കാമെന്നു പറയുമ്പോൾ....നീയെന്നെങ്കിലും സമ്മതിച്ചിട്ടുണ്ടോ?

ലളിത—ഞങ്ങടെ നാട്ടിലെ മട്ടൊന്നും പട്ടണത്തിൽ ജീവിക്കുന്നവർക്കു് പിടിക്കുകയില്ല. വല്ലാതെ മുഷിയും. അല്ലാതെന്തു്?....

ഗോപി—ഒന്നുമില്ലായിരിക്കും....(സംശയത്തോടെ) എന്നാൽ....

ലളിത—എന്നാലെന്താ? ഇങ്ങനെയുമുണ്ടോ ഒരു സംശയം?

ഗോപി—എനിക്കോ? കൊള്ളാം! വാസ്തവത്തിൽ നാളുകൾ ചെല്ലുന്തോറും നിനക്കു് എന്നെക്കുറിച്ചു സംശയം വർദ്ധിക്കുന്നുണ്ടു്....അല്ലെങ്കിൽ നിന്റെ നാട്ടുകാരെ നിനക്കെന്താ ഇത്ര ഭയം?

ലളിത—(അമർഷത്തോടെ) എനിക്കെന്തിനു ഭയം?

ഗോപി—ഞാനും അതുതന്നെ ചോദിക്കുന്നതു്.

ലളിത—എനിക്കീലോകത്തിൽ അങ്ങയെ മാത്രമേ ഭയമുള്ളു.

ഗോപി—(ചിരിച്ചിട്ടു്) ഓഹോ!....ഭർത്താവിനെ ഭാര്യ ഭയപ്പെടണം.

ലളിത—(തുന്നിത്തീർത്ത കോട്ടു നീട്ടിക്കൊണ്ടു്) ഇതാ കോട്ടു്. ബട്ടനെല്ലാം ശരിയായി. (ചിരിച്ചിട്ടു്) അടുത്തുവരാൻ വല്ലാത്ത ഭയം! (ചിരിക്കുന്നു.)

ഗോപി—(ചിരിച്ചുകൊണ്ടു്) സാധാരണ തെറ്റുചെയ്തവർക്കേ ഭയപ്പെടേണ്ട കാര്യമുള്ളു.

ലളിത—അങ്ങിനെ നിർബന്ധമൊന്നുമില്ല. (മുഖം മങ്ങുന്നു.)

ഗോപി—(അടുത്തുചെന്നു് താടിപിടിച്ചുയർത്തി മുഖത്തേയ്ക്കു നോക്കിക്കൊണ്ടു്) നിന്നെ എനിക്കു വിശ്വാസമാണു ലളിതേ! അതു് നിനക്കറിഞ്ഞുകൂടെ? എന്നാലും നിന്നെ എനിക്കു വിശ്വാസമാണ്, വിശ്വാസമാണ് എന്നു് എന്നെക്കൊണ്ടു് ആവർത്തിപ്പിക്കുവാൻ എന്തിനാണ് നീ എപ്പോഴും വ്യഗ്രത കാണിക്കുന്നതു്? അതുകൊണ്ടുതന്നെ എനിക്കു്........

ലളിത—അതുകൊണ്ടു്........?

ഗോപി—ഇങ്ങനെയൊരു ആവശ്യമെന്തിനു്? ഇതിന്റെ പശ്ചാത്തലം എന്താണ്?

ലളിത—(സ്നേഹാതിരേകത്തോടെ) നാം കണ്ടുമുട്ടി. തമ്മിൽ പരസ്പരം അറിഞ്ഞു. ആ അറിവു് നമ്മെ കൂടുതൽ അടുപ്പിച്ചു. അവസാനം നാം വിവാഹിതരായി. ഈശ്വരാധീനംകൊണ്ടു് വീട്ടുകാരെല്ലാം നമ്മുടെ ബന്ധം സ്വാഗതം ചെയ്കതേയുള്ളു.

ഗോപി—(ആവേശത്തോടെ) ഞാൻ ജീവിതത്തിലാദ്യമായിട്ടാണ് ഒരു സ്ത്രീയുമായി ബന്ധത്തിലേർപ്പെട്ടതു്. ഇന്നുവരെ സ്ത്രീകളെക്കുറിച്ചെനിക്കു് യഥാർത്ഥത്തിൽ ഭയമായിരുന്നു. ആ ഭയം എന്നെ നിഷ്കളങ്കമായ ഒരു ജീവിതം നയിപ്പിച്ചു.

ലളിത—അതിനെക്കുറിച്ചു് ഞാൻ എന്തെങ്കിലും പറഞ്ഞോ?

ഗോപി—ഇല്ല. പറഞ്ഞിട്ടില്ല. അവനവന്റെ മനസ്സാക്ഷിയോടാണ് ഏതൊരാളിനും ഏറ്റവും വലിയ ഉത്തരവാദിത്വമുള്ളതു്. മനഃസാക്ഷിയെ ആർക്കും വഞ്ചിക്കാനൊക്കുകയില്ല. (ലളിതയെ തലോടിക്കൊണ്ടു്) എന്റെ ജീവിതംപോലെ പരിശുദ്ധമായിരിക്കണം എന്റെസഹധർമ്മിണിയുടെയും ജീവിതമെന്നു് എനിക്കു നിർബ്ബന്ധമുണ്ടു്.

ലളിത— (കലമ്പിക്കൊണ്ടു്) ഇതു കൂടെക്കൂടെ എന്നോടെന്തിനാണു പറയുന്നതു്?

ഗോപി— (ചിരിച്ചിട്ടു്) വെറുതെ! (സ്വല്പം ഗൗരവം കലർന്ന സ്വരത്തിൽ) കുടുംബജീവിതം പളുങ്കുപോലു

ള്ള ഒരു പാത്രമാണ്. അതിൽ കറുപ്പു പററിയാൽ ഉടന അറിഞ്ഞുപോകും. ശരിക്കു കൈകാര്യം ചെയ്യില്ലെങ്കിൽ ഉടയാനും എളുപ്പമാണ്.

ലളിത— (ചിരിച്ചുകൊണ്ട്) ഒരു പുതുതത്വം പ്രഖ്യാപിക്കാൻ പിറന്നിരിക്കുന്ന അഭിനവപ്രവാചകൻ!.... (ചിരിക്കുന്നു.)

ഗോപി— (ഗൗരവം വിടാതെ) പുതിയ തത്വമൊന്നുമല്ലിതു്. മനുഷ്യൻ ദാമ്പത്യബന്ധം സമൂഹജീവിതത്തിന്റെ അംശമെന്നനിലയിൽ സ്ഥാപിച്ച കാലംതൊട്ടു് ഇന്നുവരെ നിലനിന്നുവരുന്ന ഒരു സത്യം.

ലളിത— അതൊക്കെയിരിക്കട്ടെ! പുറത്തുപോകാം. സമയം വളരെ വൈകി.

ഗോപി— ആ ശിപായിയെ കണ്ടില്ലല്ലോ. എഴുത്തുകൾ നോക്കിയിട്ടു പുറപ്പെടാമെന്നുകരുതി കാത്തിരുന്നതാണ്.

ലളിത— (ജനാലയിൽക്കൂടി വെളിയിലേക്കു നോക്കിക്കൊണ്ട്) അതാ അയാൾ വരുന്നുണ്ട്. കൂട്ടുകാരൊക്കെ.... പറഞ്ഞ സ്ഥലത്തെത്തിക്കാണും.

ഗോപി— അരമണിക്കൂറുകൊണ്ട് നമുക്കും അങ്ങു ചെല്ലാം. അവിടെ എത്തിയവരെ മാത്രം ക്ഷണിച്ചാൽ മതി നാളത്തെ സൽക്കാരത്തിന്; എന്താ?

ലളിത— അതുമതിയോ?

ഗോപി—മതി. സല്ക്കാരത്തിനു വരുന്നതു് നമ്മോടു് ആത്മാർത്ഥതയുള്ളവരായിരിക്കണമെന്നെനിക്കു നിർബന്ധമുണ്ട്.

ലളിത— ഞാൻ സുമതിയെക്കൂടി ക്ഷണിച്ചിട്ടുണ്ട്. അവളിപ്പോൾ ഇവിടെനിന്ന് വളരെ ദൂരെയല്ല താമസം. അരമണിക്കൂർ യാത്രമതി ഇങ്ങെത്താൻ. ഇടവിട്ടു് ബസ്സുമുണ്ട്. വരട്ടെ!

ഗോപി— അവളൊരു നല്ല സ്ത്രീയാണ്.

ലളിത— പഠിക്കുന്നകാലംതൊട്ടു് ഞങ്ങൾ ചങ്ങാതികളാണ്. പിരിയാത്ത ചങ്ങാതിമാർ....പാവം!....

ഗോപി— ങൂ? ഇത്ര അനുകമ്പയ്ക്കു കാരണം?

ലളിത— ഇപ്പോഴും അവൾ അവിവാഹിതയാണ്.

ഗോപി— പണമില്ലായിരിക്കും. അല്ലെങ്കിൽ സ്വഭാവം മോശമായിരിക്കണം.

ലളിത— പണം അത്യാവശ്യത്തിനു വേണ്ടതുണ്ട്.

ഗോപി— (കുസൃതിച്ചിരിയോടെ) എന്നാൽ കോളേജിൽ പഠിച്ചകാലത്തു കുറെ വിലസിക്കാണും. വിലസി വിലസി പേരെടുത്തിരിക്കും, അവളുടെ ചേച്ചിയെപ്പോലെ.

ലളിത— (ആത്മാർത്ഥതയോടെ) സുമതിയെപ്പററി ഒരു ദൂഷ്യംപോലും ആർക്കും പറയാനൊക്കുകയില്ല. അവളൊരിക്കലും ചീത്തയായിരുന്നിട്ടില്ല.

ഗോപി— പിന്നെ ഇങ്ങനെയിരുന്നു നരകിക്കുന്നതെന്താ?

ലളിത— അതാണു കഷ്ടം. ഞങ്ങൾ രഹസ്യങ്ങളൊന്നും ഒളിച്ചുവച്ചിട്ടില്ല. എന്റെ വീട്ടുകാര്യങ്ങൾപോലും ഞാൻ അവളോടു പറഞ്ഞിട്ടുണ്ട്.

ഗോപി— എന്നെ അറിയിക്കാത്തതുപോലും പറഞ്ഞിട്ടുണ്ടായിരിക്കും. (ചിരിക്കുന്നു.)

ലളിത— ഉണ്ട്. അത്രയ്ക്കു് ആത്മാർത്ഥതയോടെ കഴിഞ്ഞവരാണു ഞങ്ങൾ.... അതാ പ്യൂൺ വന്നു.

(പ്യൂൺ രംഗത്തേക്കു തലകാണിക്കുന്നു)

ഗോപി— വരു! കേശവപിള്ളേ!

കേശവപിള്ള—നാലഞ്ചു് എഴുത്തുണ്ടാരുന്നു.

ഗോപി—ഇങ്ങുതന്നേക്കു! ഞാൻ അതിനു കാത്തിരിക്കുകയായിരുന്നു.

കേശ—(രംഗത്തേയ്ക്കു വരുന്നു.) ഇതാ. (എഴുത്തുകെട്ടു് കൊടുക്കുന്നു.)

ഗോപി—(എഴുത്തു് വാങ്ങിയിട്ടു്) ആഫീസിൽ വിശേഷമെന്തുണ്ടു് കേശവപിള്ളെ?

കേശ—ഒന്നുമില്ലേ! സ്ഥലംമാറിവന്ന ആപ്പീസറു് ചാർജ്ജെടുത്തു.

ഗോപി—ആളെങ്ങിനെ?

കേശ—അതൊക്കെ........ (മടിച്ചു്) ഞാനെന്തു പറയാനാ?........

ഗോപി—എനിക്കു് നാലുദിവസത്തേയ്ക്കുകൂടി അവധിയുണ്ട്. എഴുത്തു വല്ലതുംവന്നാൽ ഇവിടെക്കൊണ്ടെത്തരണം; ങ്! കേശവപിള്ളയ്ക്കു് കുടിക്കാനെന്തെങ്കിലും............

ലളിത:— ഇതാ കൊണ്ടുവരാം............ (പോകുന്നു.)

കേശ—അവധിക്കു വീട്ടിൽ പോകുന്നെന്നു പറഞ്ഞിരുന്നല്ലോ സാറു്?....

ഗോപി—ആദ്യം അങ്ങിനെയാ വിചാരിച്ചതു്. പിന്നെ വേണ്ടെന്നുവെച്ചു. പോയിട്ടും വലിയ അത്യാവശ്യങ്ങളൊന്നുമില്ല.

കേശ—സമയം കളയാൻ........

ഗോപി—സമയം കളയുന്നില്ല. മററു ചില സംഗതികൾ ഇവിടെത്തന്നെ ചെയ്തുതീർക്കാനുണ്ട്.

കേശ— തന്നെയിരുന്നുമുഷിയുമല്ലോ.... അല്ല. (ചിരിച്ചുകൊണ്ട്) എത്ര നാളാ രണ്ടുപേരും തനിച്ചു്....അല്ല. തോന്നിയപ്പോളങ്ങു പറഞ്ഞുപോയി...

ഗോപി— (ചിരിച്ചുകൊണ്ട്) ഓ!.... കേശവപിള്ള സൂചിപ്പിച്ചതു മനസ്സിലായി....(ചിരിക്കുന്നു.)

കേശ— അല്ലേ! ദരിദ്രവാസികൾക്കു് വേണ്ടായെങ്കിലും ആണ്ടുതോറും പിള്ളാരുണ്ടാകും. എന്നാ....വേണമെന്നുള്ളോക്കു്....

ഗോപി— ഓ! അതൊക്കെ വേണ്ടസമയത്തു്.... ങാ! മനുഷ്യൻ വിചാരിക്കുന്നതുപോലെയല്ലല്ലോ അക്കാര്യങ്ങൾ?

ലളിത— (കാപ്പിയുമായി പ്രവേശിക്കുന്നു.) കാപ്പിയാണ്. തണുത്തതായിരിക്കും. കുറച്ചു മുമ്പു തയ്യാറാക്കിയതാണ്.

കേശ— (വാങ്ങിക്കൊണ്ട്) തണുത്തതിനു കുഴപ്പമൊന്നുമില്ലേ!....

ഗോപി— (എഴുത്തുകൾ ഓരോന്നായി പൊട്ടിച്ചു വായിച്ചുകൊണ്ടിരിക്കുന്നു.)

ലളിത— വിഷുവൊക്കെ എങ്ങിനെയിരുന്നു കേശവപിള്ളേ?....

കേശ— ഞങ്ങൾക്കെന്തോന്നു വിഷു....?

ലളിത— (ചിരിച്ചു്.) പിന്നെയാർക്കാണു വിഷുവുള്ളതു്?....

കേശ— കൊട്ടക്കാനുള്ളവർക്കേ വിഷുവുള്ളു.

ലളിത— ഓഹോ! അങ്ങിനെയാ?

കേശ— പിള്ളേരും പ്രാരാബ്ധവുമുള്ളവക്കു് വിഷുവന്നാലും ഓണം വന്നാലും ചുമടല്ലേയുള്ളു?

ലളിത— കേശവപിള്ളയ്ക്കു് എത്ര കുട്ടികളുണ്ട്?

കേശ— ഒന്നാമത്തെഭാര്യയിൽ നാല്. ഇപ്പോഴത്തേതിൽ അഞ്ചായി!....

ലളിത— എല്ലാം കൂടെത്തന്നെയാണോ?....

കേശ— ആന്നേ!....

ഗോപി— (കേശവപിള്ളയോടായി) ഇനി ആഫീസിലേക്കു പോകുമോ കേശവപിള്ള?

കേശ— വീട്ടിപ്പോകാമെന്നു നിനച്ചാ....

ഗോപി— അല്ല....ങാ!....ഞാൻ രാവിലെ....ആട്ടെ, അതൊക്കെ പിന്നെയായിക്കൊള്ളാം.... (അസ്വസ്ഥത മുഖത്തു പരന്നിരിക്കുന്നു.)

കേശ— (കുടിച്ച പാത്രം കയ്യിൽവച്ചുകൊണ്ട്) കൊറച്ചുവെള്ളംകിട്ടിയാൽ....

ലളിത— ഏയ്! വേണ്ടാ. അവിടെ വെച്ചേച്ചാൽമതി. ജോലിക്കാരൻ എടുത്തു കഴുകിക്കൊള്ളും....

കേശ— ഓ!....(പാത്രം ഒരു കോണിൽ വയ്ക്കുന്നു) ആപ്പീസിൽ പോണെങ്കിൽ....

ഗോപി— വേണ്ടാ.... കേശവപിള്ള പൊയ്ക്കോളൂ....!

കേശ— ഓ! (തൊഴുതിട്ടുപോകുന്നു.)

ലളിത— (അയാൾ പോകുന്നതു നോക്കിക്കൊണ്ട്) പാവം മനുഷ്യൻ!....ഒൻപതു പിള്ളേരുടെ അച്ഛൻ!....

ഗോപി—(ലളിതയെ രൂക്ഷമായി നോക്കുന്നു. വായിച്ചുകൊണ്ടിരുന്ന കത്ത് കയ്യിലുണ്ട്.) ഉം....?

ലളിത— (ഭാവഭേദം കണ്ടു ഭയന്ന്) എന്താ വിശേഷം?....

ഗോപി— (അലക്ഷ്യമായി) വിശേഷമേയുള്ളു.

ലളിത— (ചഞ്ചലപ്പെട്ട്) ആരുടെ എഴുത്താണ്?

ഗോപി— നിന്റെ ആത്മസഖിയുടെ. (ലളിതയെ തുറിച്ചുനോക്കുന്നു)

ലളിത— (ഞെട്ടുന്നു.)ആരുടെ? സുമതിയുടെയോ?

ഗോപി— (രൂക്ഷമായി) അതെ!....നിന്റെ പഴയ കഥകളെന്താണ്? (ഭയങ്കരമായി) വേഗം പറ!........ഇല്ലെങ്കിൽ........

ലളിത— (ഭയാശങ്കയോടെ) എന്തിനിങ്ങനെ കോപിക്കുന്നു?

ഗോപി—(കഠിനമായി) എന്റെ സംശയങ്ങളെല്ലാം........എല്ലാം ശരിയായിരിക്കും........(മുഖം കോപംകൊണ്ട് വികൃതമാകുന്നു.)

ലളിത—(വിഷമിച്ച്) സമാധാനത്തോടെ സംസാരിക്കാം.

ഗോപി—സമാധാനം! സമാധാനം!.... ഇതാ കേട്ടോ?വിവാഹവാർഷികത്തിന് എന്റെ അനുമോദനങ്ങൾ....പഴയ കഥകളൊക്കെ ഞാനിന്നലെ ഓർമ്മിച്ചു. നീ പറഞ്ഞിട്ടുള്ള നിന്റെ കഥകൾ....'' (കോപത്തോടെ) എന്താണ് നിന്റെ കഥകൾ?....നിനക്ക് ഉള്ള എഴുത്തിലാണിത്....

ലളിത—(ശാന്തത അഭിനയിച്ച്) കഷ്ടം! ഇതിനാണോ ക്ഷോഭിക്കുന്നത്?

ഗോപി—എന്നെ വഞ്ചിക്കാൻ നോക്കരുത്. (അതികഠിനമായ കോപത്തോടെ) ഞാൻ സകലതും തകർത്തുകളയും.....

ലളിത— (യഥാർത്ഥത്തിലുള്ള ഭയം മറയ്ക്കാൻ ശ്രമിച്ചുകൊണ്ട്.) പഠിക്കുമ്പോൾ ഞാൻ കഥകളെഴുതുമായിരുന്നു. അതിനെപ്പറ്റിയായിരിക്കും സുമതി എഴുതിയിട്ടുള്ളത്.

ഗോപി—(ഒട്ടും അയയാതെ) നീ എഴുതിയ കഥകളല്ല. അഭിനയിച്ച് അരങ്ങേറിയ കഥകൾ; അവയാണ്....

ലളിത—എനിക്കെന്തു കഥകളാണ്?

ഗോപി—(കോപോന്മത്തമായ ചിരിയോടെ) ഒന്നുമില്ല; അല്ലേ?....ഒന്നും....?

ലളിത—(ദയനീയമായി) ഇല്ല. അവളെന്തെങ്കിലും എഴുതിയിട്ടുണ്ടെങ്കിൽ.... വെറും കള്ളമാണ്.

ഗോപി—ഓഹോ! അങ്ങനെയായോ? (ശാന്തനാകാൻ ശ്രമിച്ചുകൊണ്ട്) അല്ലെങ്കിൽ മറ്റുള്ളവരെ എന്തിനു കുറ്റം പറയണം? നിന്നെ വിവാഹം ചെയ്യാൻ ഞാൻ നിശ്ചയിച്ചെന്നറിഞ്ഞപ്പോൾ ചിലരൊക്കെ ചിലതെല്ലാം സൂചിപ്പിച്ച് എന്നോടു സംസാരിച്ചത് ഞാൻ കൂട്ടാക്കിയില്ല. അതാണു ഞാൻ ചെയ്ത തെറ്റ്. എനിക്കു ചിലതൊക്കെ തിരക്കാമായിരുന്നു. (അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

ലളിത—(കരഞ്ഞുകൊണ്ട്) മറ്റുള്ളവർ പറയുന്നതിനാണോ ഞാൻ പറയുന്നതിനേക്കാൾ വില? എന്റെ വാക്കുകളെന്തിന് അവിശ്വസിക്കുന്നു?

ഗോപി—നിന്നെവിശ്വസിക്കുന്നെന്ന് ഇത്രയും നാൾ ഞാൻ പറഞ്ഞു. ഇനി........

ലളിത—എന്നെ....(കരയുന്നു) വിശ്വസിക്കുകയില്ലേ? എന്നെ....അങ്ങയുടെ ലളിതയെ? (കഠിനമായി കരയുന്നു.)

ഗോപി—ഇല്ല, ഇതിന് ഞാനൊരുതീരുമാനമുണ്ടാക്കും! ഇന്നു തന്നെ....(വെളിയിലേയ്ക്കു നടക്കുന്നു.)

ലളിത—(പിറകെ കരഞ്ഞുകൊണ്ടു ചെന്ന്) എവിടെ പോകുന്നു?....ഞാൻ കൂടെ....

ഗോപി—(നിർദ്ദയമായി) ച്ഛേ!....എന്റെകൂടെ വരരുത്....(കയ്യിലിരുന്ന എഴുത്ത് ചുരുട്ടി അവളുടെ മുഖത്തെറിയുന്നു.) എനിക്കിഷ്ടമുള്ളിടത്തുപോകും.... (വേഗം നടന്നു പോകുന്നു.)

ലളിത—(അയാളെ നോക്കി പൊട്ടിക്കരയുന്നു. കയ്യുകളിൽ മുഖം മറച്ച് ഹൃദയം തകരുന്നമാതിരി കുറച്ചുനേരം കരയുകയാണ്. ക്രമേണ അത് ഒരേങ്ങൽ മാത്രമായിത്തീരുന്നു. മുഖമുയർത്തുമ്പോൾ കണ്ണു ചുവന്നു കലങ്ങിയിട്ടുണ്ട്. ചുരുട്ടിക്കിടന്ന എഴുത്തെടുത്തു പതുക്കെ നിവർത്തി വായിക്കുവാൻ ശ്രമിക്കുകയാണ്. കണ്ണുനീർ ധാരമുറിയാതെ കവിളിൽക്കൂടി ഒഴുകുന്നുണ്ട്.) എന്റെ സുമതീ....ഇതെന്നോടു ചെയ്യേണ്ടായിരുന്നു. ഞാൻ നിനക്കെന്തു ദ്രോഹം ചെയ്തു? നിന്നെ മറ്റാരേക്കാളും അധികം സ്നേഹിച്ചതിന്, വിശ്വസിച്ചതിന് ഇതാണോ പ്രതിഫലം?....(വെളിയിൽ കാർ സ്റ്റാർട്ടു ചെയ്യുന്നതിന്റെ ശബ്ദം കേൾക്കാറാകുന്നു.) അദ്ദേഹം പോകുകയാണ്....അങ്ങോട്ടുതന്നെയായിരിക്കും. സുമതിയോടു ഞാൻ പറഞ്ഞിട്ടുള്ള പരമ രഹസ്യങ്ങളെല്ലാം അവൾ അദ്ദേഹത്തെ അറിയിക്കും. ഇല്ലെന്നു വിചാരിക്കാൻ മേലാ. പറഞ്ഞാൽ......അദ്ദേഹം അതെല്ലാം അറിഞ്ഞാൽ..... (പൊട്ടിക്കരയുന്നു.) എല്ലാം തകരും. എന്റെ ജീവിതം തകരും. ഇല്ല....ഞാനതിനു സമ്മതിക്കുകയില്ല. (ദൃഢനിശ്ചയം ചെയ്തതുപോലെ അകത്തേയ്ക്കു നോക്കി) രാമാ!....എടാ രാമാ!....

രാമൻ—(അകത്തു വിളികേൾക്കുന്നു.)

ലളിത—ഇവിടെ വാ!.....

രാമൻ—(ഓടിവരുന്നു.) കൊച്ചമ്മാ!...

ലളിത— എനിക്കൊരു സ്ഥലംവരെ പോകണം.....

രാമൻ—കാറ് അങ്ങുന്നുകൊണ്ടുപോയി കൊച്ചമ്മാ.

ലളിത—നീ പോയി ഒരു ടാക്സി പിടിച്ചോണ്ടു വേഗം വാ!....

രാമൻ—വലുതോ ചെറുതോ കൊച്ചമ്മാ!...

ലളിത—വേഗം.....എന്തെങ്കിലുംമതി.. വേഗം!...

രാമൻ—ഓ! ഇതാ ഇപ്പോൾ വന്നേക്കാം...(ഓടുന്നു.)

ലളിത— (ഗൽഗദപൂർവം) ഞാനെന്റെ രഹസ്യങ്ങൾ എന്തിനു മറ്റൊരാളെ ധരിപ്പിച്ചു? (കണ്ണീരൊഴുക്കിക്കൊണ്ട്) അതിന്റെ ഫലം ഇത്ര ഭയാനകമായിരിക്കുമെന്ന് ആരു വിചാരിച്ചു? ഇതൊക്കെ എങ്ങിനെ പ്രതീക്ഷിക്കും?... (മുഖംപൊത്തി കരയുന്നു.)

(കർട്ടൻ)

രംഗം മൂന്ന്

(ഒന്നാമത്തെ രംഗംതന്നെ. സമയം സായംസന്ധ്യ. എങ്കിലും അകത്തു വെളിച്ചം കുറവാണ്. സുമതി ജനാലയ്ക്കു സമീപം ഇരിക്കുന്നു. തുറന്ന ഒരു പുസ്തകം മടിയിലുണ്ട്. പക്ഷേ പുറത്തേയ്ക്ക്

ജനാലയിൽക്കൂടി നോക്കിയിരിക്കുകയാണ്. വിഷാദംകൊണ്ടു മ്ലാനമായ മുഖം. മുറിയുടെ വാതുക്കൽ ഗോപിനാഥ് വളരെ സാവധാനത്തിൽ വന്നു നില്ക്കുന്നു. ജനാലയ്ക്കു സമീപമിരിക്കുന്ന സുമതി അയാളുടെ കണ്ണിൽ പെട്ടിട്ടില്ല. കതകിൽ പതുക്കെ തട്ടുന്നു. തല തിരിച്ചു സുമതി നോക്കുമ്പോൾ വാതില്ക്കൽ നില്ക്കുന്ന ഗോപിനാഥിനെ കാണുന്നു. വേഗം കസേരയിൽ നിന്നെഴുന്നേൽക്കുന്നു.)

ഗോപിനാഥ്–(സുമതിയെ സൂക്ഷിച്ചു നോക്കിയിട്ട്) ഞാനാണ്, ഗോപിനാഥ്.

സുമതി–(അത്ഭുതം തീരെ ഉണ്ടാകാത്ത മട്ടിൽ) ഓ!...വരൂ! ഇരിക്കൂ!...ഞാനിന്നു പ്രതീക്ഷിച്ചില്ല. നാളെ വരുമെന്നേ കരുതിയുള്ളു. (ലൈററിന്റെ സ്വിച്ചിടുന്നു. രംഗത്ത് നല്ല വെളിച്ചം. രണ്ടു പേരും പരസ്പരം വളരെ സൂക്ഷിച്ചുനോക്കുന്നു.)

ഗോപി–(തീരുമാനമെടുത്ത മട്ടിൽ) ചെയ്യാനുള്ളതെല്ലാം നേരത്തെ തീർക്കാമെന്നു കരുതി.

സുമതി–(ഹാസ്യമായി) ഏഴാമത്തെ വിവാഹവാർഷികം നാളെയല്ലേ? എന്റെ അനുമോദനങ്ങൾ.

ഗോപി–എനിക്ക് അറിയേണ്ടത് അറിഞ്ഞിട്ട് അനുമോദനത്തിന് കൃതജ്ഞത അർഹിക്കുന്നുണ്ടോയെന്നു തീരുമാനിക്കാം.

സുമതി–(അലക്ഷ്യമായി) എന്ത് അറിയാനിരിക്കുന്നു?

ഗോപി–പലതും ഉണ്ട്....പലതും.

സുമതി–ഏഴുകൊല്ലം കഴിഞ്ഞപ്പോഴെങ്കിലും തോന്നിയല്ലോ?

ഗോപി–അതെ! ഏഴുകൊല്ലം വേണ്ടിവന്നു.

സുമതി–വിവാഹം കഴിഞ്ഞ് ഏഴുകൊല്ലം തികയാറായപ്പോൾ....ഇനിയുമാണോ ഭാര്യയെപ്പററിയുള്ള കാര്യങ്ങൾ തിരക്കുന്നത്?....

ഗോപി–നേരത്തെ ചെയ്യേണ്ടിയിരുന്നത് ചെയ്തില്ല. അമാന്തിച്ചാലും ചെയ്യേണ്ടതു ചെയ്യുന്നതാണല്ലോ ചെയ്യാതിരിക്കുന്നതിനേക്കാൾ മെച്ചം.

സുമതി–(നിശ്ചയത്തോടെ) അതെ!

ഗോപി–(സ്വപ്നദർശിയെപ്പോലെ) എന്റെ വിവാഹനിശ്ചയത്തിനു ശേഷം ചിലർ ലളിതയെപ്പററി സൂചിപ്പിച്ചു സംസാരിച്ചു. പക്ഷെ ഞാനതൊന്നും കാര്യമായി എടുത്തില്ല. (ദീർഘനിശ്വാസം) വിവാഹം കഴിഞ്ഞു. എന്റെ മനസ്സിൽ അക്കാര്യങ്ങൾ മറക്കാതെ കിടന്നു. പഴയതു പലതും ഞാനവളോട് ചോദിച്ചുനോക്കി...അവൾ ഒന്നും പറഞ്ഞിട്ടില്ല. അവളെ വിശ്വസിക്കണമെന്നുള്ള ഒരേ ഒരു പല്ലവിയെ അവൾക്കുള്ളു. എന്റെ സംശയങ്ങൾ അവ വർദ്ധിപ്പിച്ചതേയുള്ളു. അവളുടെ വീട്ടിൽ ചെന്ന് രണ്ടു ദിവസത്തിൽ കൂടുതൽ താമസിക്കാൻ ഒരിക്കലും ഇടവരുത്തിയിട്ടില്ല. ഞാനുമായി അവിടത്തുകാരാരും പരിചയത്തിലെത്തരുതെന്ന് അവൾക്കു നിർബന്ധമുണ്ട്. എവിടെയോ എന്തൊക്കെയോ തകരാറുകളുണ്ടെന്ന് എന്റെ മനസ്സ് എന്റെ ബുദ്ധിയോട് മന്ത്രിച്ചുകൊണ്ടിരുന്നു. പുറത്ത് ഞങ്ങളുടെ ദാമ്പത്യം വിജയമായി പലർക്കും തോന്നിക്കാണണം. എന്നാൽ എന്റെ ഹൃദയം എന്റെ വിവാഹത്തിനുശേഷം ഒരിക്കലും ശാന്തതയനുഭവിച്ചിട്ടില്ല.

സുമതി–(നിന്ദാസ്തുതിപോലെ) കഷ്ടം! സഹതപിക്കാതെന്തുചെയ്യാൻ!

ഗോപി–(വേദനിച്ച്) എന്നോടിങ്ങനെ സഹതപിക്കാൻ പലരും ഉണ്ടായിരിക്കും. അല്ലാതെ അവർക്ക് മറെറന്തു ചെയ്യാനൊക്കും? എന്റെ കൊള്ളരുതായ്മയെക്കുറിച്ച് പലരും രഹസ്യമായി സംസാരിക്കുന്നുണ്ടാവും.

സുമതി–ഇല്ലെന്നു പറഞ്ഞുകൂടാ.

ഗോപി–ഞാൻ ലളിതയെ സ്നേഹിച്ചതും വിവാഹം കഴിച്ചതും അവൾ നല്ലവളാണെന്നു വിശ്വസിച്ചാണ്. എനിക്ക് ആ വിശ്വാസംകൊണ്ട് അവളോടു തോന്നിയ പവിത്രവികാരങ്ങളുടെ വേലിയേററത്തിൽ, എനിക്കുണ്ടായിരുന്ന സംശയങ്ങളൊക്കെ അടിഞ്ഞു താണ് അപ്രത്യക്ഷമായി. അവളുടെ കഴിഞ്ഞ കാലങ്ങളിലെ കഥകൾ.......

സുമതി–അവളൊന്നും പറഞ്ഞിട്ടില്ലേ?

ഗോപി–ഇല്ല. അവളെങ്ങിനെ പറയും? അവളെ വിശ്വസിക്കണമെന്ന് ആവർത്തിച്ചാവർത്തിച്ചു പറയും. ആ ആവർത്തനങ്ങളാണ് എന്റെ പഴയ സംശയങ്ങളെത്തന്നെ തട്ടിയുണർത്തിയത്. എന്നെ അങ്ങിനെ വിശ്വസിപ്പിക്കാൻ ശ്രമിക്കേണ്ടതിന്റെ ആവശ്യം....?

സുമതി–ഉണ്ടായിരിക്കും.

ഗോപി–(യാചിക്കുന്നതുപോലെ.) അക്കാര്യങ്ങൾ സുമതിക്കറിയാവുന്നതുപോലെ മററാർക്കും ഇന്നറിവില്ല. (കെഞ്ചിക്കൊണ്ട്) എന്നോടു പറയൂ!....

സുമതി–(തടസ്സത്തിനുവേണ്ടി) അതു നിങ്ങൾ അറിയാതിരിക്കുന്നതാണു നല്ലത്.

ഗോപി–വേണം. എനിക്കവയറിയണം....ഈ നീററലിൽ നിന്ന് എനിക്കൊന്നു രക്ഷനേടണം....

സുമതി–നിങ്ങളുടെ വിവാഹത്തിന്റെ ഏഴാംവാർഷികം നാളെയാണ്.

ഗോപി–ഹൊ! അതെന്നെ ഓർമ്മിപ്പിക്കാതിരിക്കൂ.

സുമതി–അതറിഞ്ഞാൽ നിങ്ങൾ വല്ല അബദ്ധവും കാണിക്കും....

ഗോപി–ഇല്ല.......കുഴപ്പങ്ങളൊന്നുമുണ്ടാക്കാതെ ഈ കെട്ടിൽ നിന്ന് ഞാൻ രക്ഷപെടട്ടെ!....

സുമതി–ലളിത എന്റെ സഖിയാണ്.

ഗോപി–അവളെ ഞാൻ ഒന്നും ചെയ്യാൻ പോകുന്നില്ല.

സുമതി–എന്നാൽ പറയാം. ലളിത എന്നോടു പറഞ്ഞിട്ടുള്ളതൊക്കെ അറിയിക്കാം.

ഗോപി–എന്റെ കണ്ണുതെളിച്ചതിന് ഞാനെന്നും കടപ്പെട്ടിരിക്കും.

സുമതി– ഇതാ! ഇപ്പോൾ ഞാൻ വന്നേക്കാം....(അകത്തേക്ക് വേഗംപോകുന്നു. ഗോപിനാഥ് തനിച്ചായി. അയാളുടെ മുഖം മനോവിഷമത്തിന്റെ കണ്ണാടിയായിത്തീർന്നിട്ടുണ്ട്. ആശകളും പ്രതീക്ഷകളും എല്ലാം കൺമുമ്പിൽ പൊട്ടിച്ചിതറുന്നതുകണ്ടുകൊണ്ടു നിൽക്കാൻ ഇടവരുമ്പോഴുള്ള നിസ്സഹായത. അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

ഗോപി– (സ്വഗതം) എന്റെ ജീവിതം ഇങ്ങനെയായിത്തീരാൻ....എന്തുകാരണം? ഇന്നുവരെ ആർക്കും ഒരാപത്തും ഞാൻ വരുത്തിയിട്ടില്ല. തെററൊന്നും

പ്രവർത്തിച്ചിട്ടില്ല. സത്യത്തിൽനിന്നു് അറിഞ്ഞുകൊണ്ടു് വ്യതിചലിച്ചിട്ടില്ല. അന്യരെ സഹായിച്ചിട്ടേയുള്ളു.... അതിന്റെയൊക്കെ ഫലമാണോ എനിക്കു് ഈ ജീവിതത്തിൽ കിട്ടിയിട്ടുള്ളതു്?.... ഇല്ല....ഈ വൈരുദ്ധ്യമെങ്ങനെ സംഭവിച്ചു?....ഞാൻ ഇങ്ങനെ വേദനിക്കേണ്ടയാളാണോ?.... (നൊന്തുപറയുന്ന മാതിരി കൈരണ്ടും ഉയർത്തി മുകളിലേക്കു നോക്കിക്കൊണ്ടു്) അവിടെ ഇതൊക്കെ കണ്ടുകൊണ്ടു് മിണ്ടാതിരിക്കുന്ന ഒരു സർവ്വശക്തനുണ്ടോ? ഇതു കാണാനാണോ അവിടുത്തേയ്ക്കു രസം?....വികാരവിവശനായി നിശ്ശബ്ദനാകുന്നു.)

സുമതി— ഒരു കൊച്ചുകടലാസുകെട്ടുമായി വേഗം വരുന്നു.) ശാന്തതയോടെ കേൾക്കാമെങ്കിൽ.... എല്ലാം ഞാൻ പറയാം.

ഗോപി— (കസേരയിൽ തളർന്നിരിക്കുന്നു.) കേട്ടുകൊള്ളാം....

സുമതി— (നിർദ്ദയമായ സന്തോഷം മുഖത്തു കാണാനുണ്ടു്.) ലളിത നിങ്ങളെ വിവാഹം ചെയ്യുന്നതിനുമുമ്പു്.... (ഗോപിനാഥന്റെ ഭാവവ്യത്യാസങ്ങൾ കണ്ടു് അമ്പരന്നു്) എന്താ ഇങ്ങനെ തുറിച്ചു നോക്കുന്നെ?

ഗോപി— ഇല്ല!....(അണയ്ക്കുന്നു.) ഇല്ല! പറഞ്ഞോളു!....

സുമതി— അവൾക്കു് പല അവിഹിത ബന്ധങ്ങളുമുണ്ടായിരുന്നു. അവളുടെ വീട്ടുകാരുപോലും അതു മിക്കതും അറിഞ്ഞിട്ടില്ല. ഹൈസ്കൂളിൽ പഠിക്കുന്നകാലത്തു്....അവളുടെ അച്ഛന്റെ ഒരു സ്നേഹിതന്റെ മകൻ....ശങ്കർ....അയാളായിരുന്നു ആദ്യത്തെ കാമുകൻ....അവൾ കാളേജിലായി. ഞങ്ങൾ ഒന്നിച്ചു്....ഏററവും അടുത്തതു് അന്നാണു്. അവിടെ അവൾക്കു് രണ്ടു കാമുകന്മാർ....ഇങ്ങനെ ആ ലിസ്റ്റു് എന്തിനു പൂർത്തിയാക്കണം?....

ഗോപി— (നിർബ്ബന്ധപൂർവ്വം) പറയൂ!....കഴുത്തററം ആയാൽ പിന്നെ....

സുമതി— നാലാമത്തെയാളായിരുന്നു ഗോവിന്ദൻകുട്ടി....

ഗോപി— ഗോവിന്ദൻ കുട്ടിയോ? (അത്ഭുതപ്പെടുന്നു.)

സുമതി— എന്താ പരിചയമുണ്ടോ?.... ഇവിടുത്തുകാരൻ....

ഗോപി— അയാൾ മൂന്നുനാലുപ്രാവശ്യം ഞങ്ങളുടെ താമസസ്ഥലത്തു വന്നിട്ടുണ്ടു്....ശ്യാമളയാണു് എനിക്കു് അയാളെ പരിചയപ്പെടുത്തിയതു്....

സുമതി— വേലയൊന്നുമില്ലാതെ ഇവിടെയൊക്കെ അലഞ്ഞു തിരിയുകയാണയാൾ. ഇയാളുമായുള്ള അവളുടെ ബന്ധം അവളുടെ വീട്ടുകാർ നല്ലതുപോലെ അറിഞ്ഞിട്ടുണ്ടു്. അതു് അറിയാൻ തക്ക കാരണങ്ങളുമുണ്ടു്.

ഗോപി— (ആവേശത്തോടെ) അതെന്താണു്?

സുമതി— പറയാം! സമാധാനത്തോടെ കേൾക്കു!

ഗോപി— (തളർന്നു്) ഇരിക്കാം....

സുമതി— ദുർന്നടത്തയ്ക്കുള്ള ശിക്ഷ ലളിതയ്ക്കു് ഗോവിന്ദൻകുട്ടിയുമായുള്ള ബന്ധത്തിൽനിന്നുകിട്ടി. അവൾക്കു് കുട്ടികളൊന്നുമുണ്ടാകുകയില്ല.

ഗോപി— (ഞെട്ടി) എന്തു്?....

സുമതി— (ശാന്തതയോടെ) അതാണു സത്യം. അവൾക്കു കിട്ടിയ രോഗത്തിന്റെ ചികിത്സയ്ക്കുവേണ്ടി....രണ്ടുമാസം ആശുപത്രിയിൽകിടന്നു....രോഗം ഭേദമായി. പക്ഷേ....ഓപ്പറേഷൻകൊണ്ടു് കുഞ്ഞുണ്ടാകാനുള്ളവഴി അവൾക്കു നഷ്ടപ്പെട്ടു....(ഗോപിനാഥനെ തുറിച്ചുനോക്കുന്നു.)

ഗോപി— (മുഖംതിരിച്ചു് കടുത്തവേദനയോടെ) ഏഴുവർഷം!....ഇന്നുവരെ അവൾ പ്രസവിച്ചില്ല....പ്രസവിക്കുകയില്ല!....

സുമതി— അതിനു സാദ്ധ്യതയില്ല.... (എഴുത്തുകെട്ടു് എടുത്തുനീട്ടിക്കൊണ്ടു്) സമയം കിട്ടുമ്പോൾ വായിച്ചുനോക്കിക്കൊള്ളു. അവളുടെ കാമുകന്മാരുടെ കത്തുകളിൽ ചിലതാണു്. പണ്ടൊരിക്കൽ അവളെന്നെ ഏല്പിച്ചവ. കുറച്ചേറെ കത്തുകൾ മുമ്പൊരിക്കൽ അവൾ ഇവിടെവച്ചു ചുട്ടു ചാമ്പലാക്കി....അവളറിയാതെ ചിലതു് എടുത്തുവച്ചിരുന്നതാണിവ.

ഗോപി— (എഴുത്തുകെട്ടുവാങ്ങി) ഓരോന്നായി മറിച്ചുനോക്കുന്നു.) എന്തൊരു കൊടുംചതി;....(സഹികെട്ടു്) എന്നെയെന്തിനിങ്ങനെ വഞ്ചിച്ചു?....

സുമതി— വേദനിച്ചിട്ടുകാര്യമില്ല. (മുഖം ശോകമൂകമാകുന്നു.)

ഗോപി— (വേഗം) ഞാൻപോകട്ടെ!.... ഇവ എനിക്കുവേണം. ഞാനവളോടു ചോദിക്കും....എന്റെ ജീവിതം ഇങ്ങനെ തകർത്തതെന്തിനെന്നു ചോദിക്കും.... (രംഗത്തുനിന്നു് ഓടി മറയുന്നു.)

സുമതി— (കുലുങ്ങാതെ) നിന്റെ വിവാഹത്തിന്റെ ഏഴാംവാർഷികത്തിനുള്ള എന്റെ സമ്മാനം!....(മുഖം ശോകഭാവംകൊണ്ടു് ദയനീയമായിത്തീരുന്നു.) അങ്ങോട്ടുമിങ്ങോട്ടും രണ്ടുമൂന്നു തവണ നടന്നിട്ടു് ജനാലയ്ക്കു സമീപമുള്ള കസേരയിൽ ചെന്നിരുന്നു് വെളിയിലേയ്ക്കു നോക്കിയിരിക്കുന്നു. അല്പംകഴിഞ്ഞു് മുഖം പൊത്തി വിങ്ങിവിങ്ങിക്കരയുന്നു. മറുവശത്തുകൂടി ലളിത രംഗത്തേയ്ക്കുവരുന്നു. കാലൊച്ചകേട്ടു് സുമതി തിരിഞ്ഞുനോക്കുമ്പോൾ ലളിതയെ കണ്ടു് ഞെട്ടുന്നു. രണ്ടുപേരും എന്തൊക്കെയോ തീരുമാനിച്ചിട്ടുള്ളതായി തോന്നും മട്ടുകളിൽ. അല്പസമയത്തേയ്ക്കു നിശ്ശബ്ദത)

ലളി— പറയാനുള്ളതൊക്കെ പറഞ്ഞോ?

സുമതി— കൊടുക്കാനുള്ളതെല്ലാം കൊടുക്കുകയും ചെയ്തു.

ലളിത— കഴിഞ്ഞകാലത്തെ തെറ്റുകളൊക്കെ മറന്നു്, അതിൽ മനസ്സുനൊന്തു വേദനിച്ചു് മാനസാന്തരപ്പെട്ടു്........ ഒരു പുതിയ ജീവിതം ഒരുക്കുവാൻ ശ്രമിക്കുകയായിരുന്നു ഞാനിത്രയുംകാലം. അതൊക്കെ നീ തകർത്തു.

സുമതി— കഴിഞ്ഞകാലസംഭവങ്ങളൊന്നും അങ്ങിനെ മായ്ക്കാൻ സാധിക്കയില്ല. അവ ജീവിതാവസാനംവരെ നിന്നെ പിൻതുടരും........

ലളിത— എനിക്കിനി ജീവിതത്തിനു് എന്തുവില? നഷ്ടപ്പെടാനുള്ളതെല്ലാം നഷ്ടപ്പെട്ടുകഴിഞ്ഞു.....എങ്കിലും നീയെന്നെ വീണ്ടും നരകത്തിലേയ്ക്കു പിടിച്ചു തള്ളേണ്ടതില്ലായിരുന്നു. (കരയുന്നു.) എന്റെ സർവ്വബന്ധങ്ങളും തകർന്നു. സുഹൃൽബന്ധവും ദാമ്പത്യവും..എല്ലാം.. എന്റെ കത്തുകളെല്ലാം അദ്ദേഹത്തെ ഏല്പിച്ചില്ലേ? (അത്ഭുതകരമായ ശാന്തതയോടെ) ദാ! ഇതുകൂടി അദ്ദേഹത്തിനു എത്തിച്ചുകൊടുത്തേക്കു!....(കഴുത്തിൽ കിടന്ന മംഗല്യം പൊട്ടിച്ചു് സുമതിയുടെ നേർക്കു നീട്ടുന്നു.) ഇതുകൂടി ഏല്പിച്ചേക്കു! (പൊട്ടിക്കരയുന്നു.) എനിക്കിനി ബാക്കി അതേയുള്ളു. എനിക്കിനി അതിന്റെ ആവശ്യമില്ല. ഞാൻ പോകട്ടെ! നിന്നോടു യാത്രപറയാൻ വന്നതാണു്! എന്റെ ആത്മസഖി!....(തൊഴുകയ്യോടെ കണ്ണുനീർ വാർത്തുകൊണ്ടു് രംഗത്തുനിന്നു് പതുക്കെ നടന്നുപോകുന്നു, സുമതി എന്തു പറയണമെന്നറിയാതെ സ്തംഭിച്ചു നില്ക്കുകയാണു്. ലളിത രംഗംവിട്ടുകഴിഞ്ഞു് കുറച്ചുനേരം രംഗത്തു് നിശ്ശബ്ദത.)

സുമതി— (ചഞ്ചലപ്പെടാതെ) ഒരു സോപ്പുകുമിള പൊട്ടി....(കസേരയിൽ ചെന്നിരുന്നു പുസ്തകമെടുത്തു വായിക്കാൻ നോക്കുന്നു. എന്നാൽ എന്തെന്നില്ലാതെ മിണ്ടാതിരിക്കുന്നു. അല്പംകഴിഞ്ഞു പുസ്തകംകൊണ്ടു മുഖംമറച്ചു വിങ്ങിവിങ്ങിക്കരയുന്നു.)

(കർട്ടൻ)